പതിമൂന്നാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ - *212

19.03.2015 ലെ മറുപടിയ്ക്ക്

## ജലസേചനപദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.റ്റി.യു.കുരുവിള<br>ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ.മോൻസ് ജോസഫ് | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ നിലവിലുള്ള ജലസേചനപദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | എ) ജലസേചനപദ്ധതികൾ കാര്യക്ഷമമാക്കുന്നതിനായി ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം (AIBP) അനുസരിച്ച് നവീകരണ പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്. കൂടാതെ ഡാം റീഹാബിലിറ്റേൻ & ഇംപ്രൂവ്മെന്റ് പ്രോഗ്രാം (DRIP) -ൽ ഉൾപ്പെടുത്തി അണക്കെട്ടുകൾ നവീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വാർഷിക അറ്റകുറ്റപണികൾക്കായി ഓരോവർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന തുക ഉപയോഗപ്പെടുത്തി അതാത് വർഷങ്ങളിൽ അറ്റകുറ്റപണികൾ നടത്തി ജലസേചനം കുറ്റമറ്റരീതിയിൽ നടത്തി വരുന്നുണ്ട്. |
| ബി) സംസ്ഥാനത്തെ ജലസേചന പദ്ധതികളുടെ നവീകരണവും, ജലവിതരണം സംബന്ധിച്ച വാട്ടർ കലണ്ടറിന്റെ പരിഷ്കരണവും കാലോചിതമായി മാറ്റുന്നതിന് നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | ബി) വിവിധ പദ്ധതികളുടെ ജലസേചന വാട്ടർ കലണ്ടർ വ്യത്യസ്തമാണ്. അത് ബന്ധപ്പെട്ട കൃഷി ഓഫീസർമാരും ത്രിതലപഞ്ചായത്ത് അധികൃതരും ശുപാർശ ചെയ്യുന്നതനുസരിച്ച് പദ്ധതി പ്രദേശത്തെ എക്സിക്യൂട്ടീവ് എൻജിനീയർ തയ്യാറാക്കുന്ന കലണ്ടർ അനുസരിച്ച് ജലസേചനം നടത്തിവരുന്നു. ഇത് കാലോചിതമായി പരിഷ്കരിച്ച് കനാൽ കമ്മിറ്റികൾ പുനരുജ്ജീവിപ്പിച്ച് കനാലുകൾ നവീകരിച്ച് വാട്ടർ കലണ്ടറിൽ മാറ്റങ്ങൾ വരുത്തി സമഗ്രജലസേചനത്തെപ്പറ്റി ആലോചിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ